Talented Bankers Literary Panel
പുസ്തക പരിചയം 275

മനുവും മഹാത്മാവും
രാജീവ് കൊഴുക്കുള്ളി

പുസ്തകം പരിചയപ്പെടുത്തുന്നത്,
ഉണ്ണികൃഷ്ണൻ ഐ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
ആർബിഓ 2, തൃശൂർ.

ഗാന്ധിജിയെക്കുറിച്ച് നൂറുകണക്കിനുള്ള പുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ മനു ഗാന്ധിയെക്കുറിച്ച് അപൂർവ്വം ചില പുസ്തകങ്ങളെ ഇറങ്ങിയിട്ടുണ്ടാവുകയുള്ളൂ. മനു ഗാന്ധിക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ഗാന്ധിജിയെക്കുറിച്ച് ഒത്തിരി കാര്യങ്ങൾ പറയുകയാണ്
മനുവും മഹാത്മാവും എന്ന പുസ്തകത്തിലൂടെ ശ്രീ രാജീവ് കൊഴുക്കുള്ളി.

ഫേസ്ബുക്കിലൂടെ എല്ലാ ആഴ്ചയും ഗാന്ധിജിയേയും മനുവിനെയും കുറിച്ച് അദ്ദേഹം എഴുതിയ കുറിപ്പുകൾ ഇത്തരമൊരു പേരിൽ ജീവചരിത്രമായി മാറുകയായിരുന്നു. സ്വാഭിമാനം നഷ്ടപ്പെട്ട് അടിമത്തത്തിൽ കിടന്നുറങ്ങിയ ഒരു ജനതയെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുകയും അത് സമ്മാനിച്ച സുഖസൗകര്യങ്ങളെല്ലാം ത്യജിക്കുകയും ചെയ്ത മഹാത്മാവിനെ കുറിച്ച് നമ്മളറിയാത്ത ഒരുപാട് കാര്യങ്ങൾ ഈ കൃതിയിലുണ്ട്.

ഗാന്ധിജിയുടെ കസിന്റെ പേരക്കുട്ടിയുടെ മകളാണ് മനു ഗാന്ധി. ഗാന്ധിയേക്കാൾ ഏകദേശം അറുപത് വയസ്സോളം ചെറുപ്പമുള്ള കുട്ടി. ഗാന്ധിജിയുടെ വിഷമം പിടിച്ച അവസാന നാളുകളിൽ വിശ്വസ്തയും സന്തത സഹചാരിയും ആയിരുന്നവൾ. ഗാന്ധിജിയുടെ വിവാദമായ ബ്രഹ്മചര്യ പരീക്ഷണത്തിന് വിധേയമായ കുട്ടി. ബ്രിട്ടീഷുകാർ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നൽകാമെന്ന് തത്വത്തിൽ അംഗീകരിച്ച ശേഷം ഒറ്റപ്പെട്ടുപോയ ഗാന്ധിജിക്ക് കൂട്ടായവൾ. അതേ, ഇത് അവളുടെയും കൂടെ കഥയാണ്, ചരിത്രമാണ്.

ഗാന്ധിയന്മാരും ഗാന്ധി കുടുംബവും തമസ്കരിച്ച മനു ഗാന്ധിയെ വെളിച്ചത്തിൽ കൊണ്ടുവരാനുള്ള ശ്രമമായിരുന്നു ഇതെന്ന് എഴുത്തുകാരൻ പറയുന്നു. അതോടൊപ്പം ഗാന്ധിജിയുടെ ജീവിതം കഴിയാവുന്നത്ര ചുരുക്കി, എന്നാൽ പ്രധാന സംഗതികളൊന്നും വിടാതെ പുതുതലമുറയ്ക്ക് പരിചയപ്പെടുത്തൽ കൂടിയായി ഈ പുസ്തകം.
നന്ദി, ഞങ്ങൾക്ക് ഒരുപാട് വെളിച്ചം വീശിയതിന്.

സൺ ഷൈൻ ബുക്സ് ആണ് പ്രസാധകർ
വില : Rs.120/-